LIBRARY ARCHIVES Kerala Legislative Assembly

കുന്നത്തുനാട് മണ്ഡലത്തിലെ വിദ്യാതരംഗിണി പദ്ധതി

261(5420) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ തരംഗിണി വായ്പാ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ?

വിദ്യാതരംഗിണി പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽനിന്നും ആകെ 411 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 411 വായ്പകളും അനുവദിച്ചിട്ടുണ്ട്. ആകെ 40,55,820 രൂപ വായ്പ ഇനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വായ്പകളുടെയും തുകയുടെയും വിശദാംശം നൽകാമോ?

9-8-2021 വരെ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്ത വായ്പകളുടെയും തുകകളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സഹകരണ വായ്പാ തിരിച്ചടവ്

262(5421) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും കേരള ബാങ്കിൽനിന്നും വായ്പയെടുത്തവർ നിർഭാഗ്യവശാൽ പ്രസ്തുത ലോൺ ക്ലോസ് ചെയ്യുന്നതിനായി ടിയാളുടെ അവകാശികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടുള്ളവരിൽ മാരക രോഗം ബാധിച്ചവർക്ക് ലോൺ തിരിച്ചടവിന് എന്തെങ്കിലും ഇളവുകൾ നൽകുന്നുണ്ടോ; ആയതിന്റെ വിവരം അറിയിക്കാമോ?

(എ&ബി) അനുബന്ധം *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.